السنّة النبوية وعلومها
www.sunnah.global

തന്റെ രണ്ട് ചുമലുകൾക്ക് മുകളിൽ ഒന്നുമില്ലാതെ, ഒരൊറ്റ വസ്ത്രത്തിൽ നിങ്ങളിലൊരാളും നിസ്കരിക്കരുത്

അബുദ്ദർദാഅ് -رَضِيَ اللَّهُ عَنْهُ- നിവേദനം: നബി -ﷺ- പറഞ്ഞു: "തന്റെ രണ്ട് ചുമലുകൾക്ക് മുകളിൽ ഒന്നുമില്ലാതെ , ഒരൊറ്റ വസ്ത്രത്തിൽ നിങ്ങളിലൊരാളും നിസ്കരിക്കരുത്."
[صحيح] [متفق عليه]

ഒരൊറ്റ വസ്ത്രത്തിൽ നിസ്കരിക്കുന്ന വ്യക്തി തന്റെ തോളിനും കഴുത്തിനും ഇടയിൽ യാതൊരു വസ്ത്രവുമില്ലാത്ത നിലയിൽ നിസ്കരിക്കുന്നത് നബി -ﷺ- വിലക്കുന്നു. രണ്ട് ചുമലുകൾ ഔറത്തല്ലായെങ്കിലും അവ രണ്ടും മറക്കുന്നത് നിസ്കാരത്തിലെ ഔറത്ത് മറക്കാൻ കൂടുതൽ സഹായകമാണ്. നിസ്കാരത്തിൽ അല്ലാഹുവിന്റെ മുൻപിൽ നിൽക്കുമ്പോൾ പാലിച്ചിരിക്കേണ്ട അല്ലാഹുവിനോടുള്ള ആദരവിന്റെയും ബഹുമാനത്തിന്റെയും രീതിയോട് ഏറ്റവും അടുത്തു നിൽക്കുന്നതും ഈ രീതിയാണ്.

https://sunnah.global/hadeeth/ml/show/10639

النجاة الخيرية
ALNAJAT CHARITY
لجنة الدعوة الإلكترونية
EDC E-Da'wah Committee